# തിരുത്തൽ കാമ്പെയിൻ നിയ ന്ത്ര ണങ്ങളും വ്യവസ്ഥ കളും

എല്ലാ സ്ഥ ാപനങ്ങളും വ്യക്തികളും പ്രവാസി തൊഴിലാളികളും, റെസിഡൻസ് പെർമിറ്റുകളുടെയും തൊഴിൽ ചട്ടങ്ങളുടെയും ലംഘനം, അനുവദിച്ചിട്ടുള്ള അധിക സമയപരിധിയായ 3/7/2013-ന് (ഇസ്ലാമിക കലണ്ടർ അനുസരിച്ച് 24/8/1434) മുമ്പായി ഉടനടി തിരുത്തേണ്ടത് ആവശ്യമാണ്. അനുവദിച്ചിട്ടുള്ള അധിക സമയപരിധി കഴിഞ്ഞാൽ ബന്ധപ്പെട്ട ഏജൻസികൾ പരിശോധനാ നടപടികൾ ആരംഭിക്കുന്നതും നിയമം ലംഘിക്കുന്നവർ, തൊഴിലുടമകളായാലും പ്രവാസി തൊഴിലാളികളായാലും അവരുടെ മേൽ നിയമം നടപ്പാക്കുന്നതുമാണ്.

## തിരുത്തൽ കാമ്പെയിൻ നിയ ന്ത്ര ണങ്ങൾ:



റെസിഡൻസ് പെർമിറ്റും തൊഴിൽ ചട്ടങ്ങളും ലംഘിക്കുന്ന എല്ലാ പ്രവാസികൾക്കും, നിയമവിധേയമാകുന്നതിനും (സ്റ്റാറ്റസ് തിരുത്തുവാനും) കിംഗ്ഡം ഓഫ് സൗദി അറേബ്യയിൽ ജോലി ചെയ്യാനായി തുടരുന്നതിനും ആഗ്രഹമുണ്ടെങ്കിൽ അവർ നടത്തിയ നിയമലംഘനവുമായി ബന്ധപ്പെട്ട പിഴകളിൽ നിന്ന് അവരെ ഒഴിവാക്കും, എന്നാൽ 06/04/2013-ന് (ഇസ്ലാമിക കലണ്ടർ അനുസരിച്ച് 25/05/1434) മുമ്പ് നടത്തിയ ലംഘനങ്ങൾക്ക് ഫീസ് അടയ്ക്കേണ്ടി വരും.



തിരുത്തൽ കാലയളവിൽ അന്തിമമായി രാജ്യം വിടുന്ന പ്രവാസി തൊഴിലാളികളെ, മുമ്പത്തെ കാലയളവുകളിലെ ലംഘനങ്ങളുമായി ബന്ധപ്പെട്ട വർക്ക് പെർമിറ്റിന്റെയും റെസിഡൻസ് പെർമിറ്റിന്റെയും ഫീസ്, പിഴകൾ എന്നിവയിൽ നിന്ന് ഒഴിവാക്കും, ഇങ്ങനെ രാജ്യം വിടുന്നവരുടെ വിരലടയാളം, ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം, ഡാറ്റ അപ്ഡേറ്റുചെയ്യുന്നതിനായി രേഖപ്പെടുത്തും. ഇങ്ങനെ രാജ്യം വിടുന്ന പ്രവാസി തൊഴിലാളിക്ക് പുതിയൊരു പ്രവേശന വിസ (എൻട്രി വിസ) ലഭിക്കുന്ന പക്ഷം സൗദി അറേബ്യയിലേക്ക് തിരിച്ചുവരുന്നതിനെ ഈ നടപടിക്രമം തടയുന്നില്ല. പാസ്പോർട്ട്സ് ഡയറക്ടറേറ്റ് വഴി ഈ നടപടിക്രമം നടത്തപ്പെടും.




നിയമപരമല്ലാത്ത തരത്തിൽ സൗദി അറേബ്യയിൽ അതിക്രമിച്ച് പ്രവേശിച്ചിട്ടുള്ളവരെ ഈ തിരുത്തൽ കാലയളവിൽ ഉൾപ്പെടുത്തുന്നില്ല.



ജോലിക്ക് വരാത്തവരും (ആർക്കെതിരെയാണോ 'എസ്കേപ്പ് നോട്ടിഫിക്കേഷൻ' സമർപ്പിക്കപ്പെട്ടിരിക്കുന്നത് അവർ) റെസിഡൻസ് പെർമിറ്റിന്റെയോ വർക്ക് പെർമിറ്റിന്റെയോ സമയപരിധി കഴിഞ്ഞിട്ടുള്ളവരും ആയ പ്രവാസി തൊഴിലാളികൾക്ക് ഇനിപ്പറയുന്ന ഏതെങ്കിലുമൊരു രീതിയിൽ അവരുടെ നിയമവിധേയ സ്ഥ ിതിയിലേക്ക് മാറാവുന്നതാണ്: നിലവിലെ തൊഴിലുടമയുടെ പക്കൽ ജോലിക്ക് തിരിച്ചെത്തുക അല്ലെങ്കിൽ അവരുടെ സേവനങ്ങൾ മറ്റൊരു തൊഴിലുടമയ്ക്ക് ട്രാൻസ്ഫർ ചെയ്യുക, നിലവിലെ തൊഴിലുടമയിൽ നിന്ന് ഇതിന് അനുമതി ആവശ്യമില്ല. തൊഴിലാളികൾക്കും നിലവിലെ തൊഴിലുടമകൾക്കും ഇടയിലുള്ള വ്യക്തിപരമായ അവകാശങ്ങളുമായി ബന്ധപ്പെട്ട ഏത് തർക്കത്തിനും വിദഗ്ധരായ ജുഡീഷ്യൽ അതോറിറ്റികളിലൂടെ പരിഹാരം കാണും, എന്നാൽ ഇനിപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കുന്നതാണ്:

- മൊത്തം "10 തൊഴിലാളികൾ" ഉള്ള സ്വകാര്യമേഖലാ സ്ഥ ാപനങ്ങളിലേക്ക് സേവനത്തിന്റെ ട്രാൻസ്ഫർ, ഇതിൽ കൂടുതൽ തൊഴിലാളികൾ ഉണ്ടെങ്കിൽ "ഗ്രീൻ" ക്ലാസ്സിന് താഴെയുള്ള പദവി ലഭിക്കില്ല.
- മൊത്തം 9 തൊഴിലാളികളോ അതിൽ കുറവോ ഉള്ളതും ചുരുങ്ങിയത് ഒരു സൗദി ജീവനക്കാരനെ ജോലിക്ക് വച്ചിട്ടുള്ളതും, തൊഴിലുടമയ്ക്കോ മറ്റൊരു സൗദി പൗരനോ ഏറ്റവും ചുരുങ്ങിയത് 3000 സൗദി റിയാൽ ശമ്പളമായി നൽകുന്നതും ആയ വളരെ ചെറിയ "ഗ്രീൻ" സ്ഥ ാപനങ്ങളിലേക്ക് 4-ലധികം പ്രവാസി തൊഴിലാളികളെ മാറ്റരുത്, തൊഴിലാളികളെ മാറ്റിയതിന് ശേഷം, ഇത്തരം ഒരു സ്ഥ ാപനത്തിലെ മൊത്തം തൊഴിലാളികളുടെ എണ്ണം 9-ൽ കൂടാനും പാടില്ല.
- ഈ നടപടിക്രമം ലേബർ ഓഫീസുകളിലൂടെയാണ് നടത്തപ്പെടുക.



ജോലിക്ക് വരാത്തവരും (ആർക്കെതിരെയാണോ 'എസ്കേപ്പ് നോട്ടിഫിക്കേഷൻ' സമർപ്പിക്കപ്പെട്ടിരിക്കുന്നത് അവർ) റെസിഡൻസ് പെർമിറ്റിന്റെയോ വർക്ക് പെർമിറ്റിന്റെയോ സമയപരിധി കഴിഞ്ഞിട്ടുള്ളവരും ആയ ഗാർഹിക തൊഴിലാളികൾക്ക് ഇനിപ്പറയുന്ന ഏതെങ്കിലുമൊരു രീതിയിൽ അവരുടെ നിയമവിധേയ സ്ഥ ിതിയിലേക്ക് മാറാവുന്നതാണ്: നിലവിലെ തൊഴിലുടമയുടെ പക്കൽ ജോലിക്ക് തിരിച്ചെത്തുക അല്ലെങ്കിൽ അവരുടെ സേവനങ്ങൾ മറ്റൊരു തൊഴിലുടമയ്ക്ക് നൽകുക. പാസ്പോർട്ട്സ് ഡയറക്ടറേറ്റ് വഴി ഈ നടപടിക്രമം നടത്തപ്പെടും, അല്ലെങ്കിൽ നിലവിലെ തൊഴിലുടമയുടെ സമ്മതത്തിന്റെ ആവശ്യമില്ലാതെ തന്നെ, അവരുടെ സേവനങ്ങൾ സ്വകാര്യ സ്ഥ ാപനങ്ങൾക്കായി വിനിയോഗിക്കുക. ഈ നടപടിക്രമം ലേബർ ഓഫീസുകളിലൂടെയാണ് നടത്തപ്പെടുക. സേവനങ്ങളുടെ ട്രാൻസ്ഫർ പൂർത്തിയാക്കുന്നതിന് ഇനിപ്പറയുന്നവ ആവശ്യമുണ്ട്:

- ഒരൊറ്റ കുടുംബത്തിലെ മൊത്തം ഗാർഹിക തൊഴിലാളികളുടെ എണ്ണം, ട്രാൻസ്ഫർ പ്രക്രിയ അവസാനിച്ചതിന് ശേഷം, 4 ഗാർഹിക തൊഴിലാളികളിലും കൂടരുത്.
- മൊത്തം 10 തൊഴിലാളികൾ ഉള്ള സ്വകാര്യ മേഖലാ സ്ഥ ാപനങ്ങളിലേക്കുള്ള ഗാർഹിക തൊഴിലാളിയുടെ സേവന ട്രാൻസ്ഫർ, ഇതിൽ കൂടുതൽ തൊഴിലാളികൾ ഉണ്ടെങ്കിൽ "ഗ്രീൻ" ക്ലാസ്സിന് താഴെയുള്ള പദവി ലഭിക്കില്ല.
- മൊത്തം 9 തൊഴിലാളികളോ അതിൽ കുറവോ ഉള്ളതും ചുരുങ്ങിയത് ഒരു സൗദി ജീവനക്കാരനെ ജോലിക്ക് വച്ചിട്ടുള്ളതും, തൊഴിലുടമയ്ക്കോ മറ്റൊരു സൗദി പൗരനോ ഏറ്റവും ചുരുങ്ങിയത് 3000 സൗദി റിയാൽ ശമ്പളമായി നൽകുന്നതും ആയ വളരെ ചെറിയ "ഗ്രീൻ" സ്ഥ ാപനങ്ങളിലേക്ക് 4-ലധികം പ്രവാസി തൊഴിലാളികളെ മാറ്റരുത്, തൊഴിലാളികളെ മാറ്റിയതിന് ശേഷം, ഇത്തരം ഒരു സ്ഥ ാപനത്തിലെ മൊത്തം തൊഴിലാളികളുടെ എണ്ണം 9-ൽ കൂടാനും പാടില്ല.



ഹജ്ജിനോ ഉംറയ്ക്കോ വരികയും 3/7/2008-ന് (ഇസ്ലാമിക കലണ്ടർ അനുസരിച്ച് 28/06/1429) മുമ്പായി കിംഗ്ഡത്തിൽ നിയമവിരുദ്ധമായി താമസിക്കുകയും ചെയ്യുന്നവർക്ക് വ്യക്തിഗത സ്പോൺസർമാരുടെ പക്കൽ ഗാർഹിക തൊഴിലാളിയാവുക വഴി അവരുടെ തൽസ്ഥ ിതി (സ്റ്റാറ്റസ്) മാറ്റാൻ അനുവദിക്കുന്നതല്ല. പാസ്പോർട്ട്സ് ഡയറക്ടറേറ്റ് വഴിയോ സ്വകാര്യ സ്ഥ ാപങ്ങളുമൊത്തുള്ള തൊഴിലാളികളായോ ഈ നടപടിക്രമം നടത്തപ്പെടും. പ്രവാസിയുടെ ഡാറ്റ രേഖപ്പെടുത്തുന്നതിന് ആദ്യം പാസ്പോർട്ട്സ് ഡയറക്ടറേറ്റ് വഴി ഈ നടപടിക്രമം നടത്തപ്പെടും, തുടർന്ന് സ്ഥ ാപനത്തിന്റെ യോഗ്യതയിന്മേലുള്ള അംഗീകാരത്തിനായി ഈ നടപടിക്രമം ലേബർ ഓഫീസുകളിൽ എത്തും, അത് ഇനിപ്പറയുന്ന നിബന്ധനകൾ അനുസരിച്ചായിരിക്കും:

- തിരുത്തലിന് ശേഷം, ഒരൊറ്റ കുടുംബത്തിലെ മൊത്തം ഗാർഹിക തൊഴിലാളികളുടെ എണ്ണം 4 ഗാർഹിക തൊഴിലാളികളിലും കൂടുന്ന അവസ്ഥ യിലേക്ക് ഈ നടപടിക്രമം നയിക്കരുത്.
- മൊത്തം തൊഴിലാളികളുടെ എണ്ണം 10-ഉം കൂടുതലുമുള്ള സ്ഥ ാപനങ്ങൾ ഗ്രീൻ ക്ലാസ്സിന് താഴേക്ക് വീഴുന്ന അവസ്ഥ യിലേക്കും ഈ നടപടിക്രമം നയിക്കരുത്.
- മൊത്തം 9 തൊഴിലാളികളോ അതിൽ കുറവോ ഉള്ളതും ചുരുങ്ങിയത് ഒരു സൗദി ജീവനക്കാരനെ ജോലിക്ക് വച്ചിട്ടുള്ളതും, തൊഴിലുടമയ്ക്കോ മറ്റൊരു സൗദി പൗരനോ ഏറ്റവും ചുരുങ്ങിയത് 3000 സൗദി റിയാൽ ശമ്പളമായി നൽകുന്നതും ആയ വളരെ ചെറിയ "ഗ്രീൻ" സ്ഥ ാപനങ്ങളിലേക്ക് 4-ലധികം പ്രവാസി തൊഴിലാളികളെ ട്രാൻസ്ഫർ ചെയ്യുന്ന അവസ്ഥ യിലേക്ക് ഈ നടപടിക്രമം നയിക്കരുത്, ട്രാൻസ്ഫറിന് ശേഷം, ഇത്തരം ഒരു സ്ഥ ാപനത്തിലെ മൊത്തം തൊഴിലാളികളുടെ എണ്ണം 9-ൽ കൂടാനും പാടില്ല.



തൊഴിൽ ഇലക്ട്രോണിക് സേവന മന്ത്രാലയത്തിലൂടെ ബന്ധപ്പെട്ട നിയ ന്ത്ര ണങ്ങൾക്ക് അനുസരിച്ച് തൽസ്ഥ ിതി (സ്റ്റാറ്റസ്) തിരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള കാലയളവ് വേളയിലെ സ്ഥ ാനപത്തിന്റെ ക്ലാസ്സും പ്രവർത്തനങ്ങളും പരിഗണിക്കാതെ തന്നെ, പ്രവാസി തൊഴിലാളികളുടെ ജോലി പരിഷ്കരിക്കുന്നതിന് സ്ഥ ാപനങ്ങളെ അനുവദിക്കും.



നിയമവിധേയമാകുന്നതിനുള്ള കാലയളവ് വേളയിൽ നിരക്കുകളൊന്നും കൂടാതെ പ്രവാസി തൊഴിലാളികളുടെ (ഗാർഹിക തൊഴിലാളികളുടെയും ഗാർഹികേതര തൊഴിലാളികളുടെയും) ജോലി പരിഷ്കരിക്കാവുന്നതാണ്.



നിയമവിധേയമാകുന്നതിന് അനുവദിച്ചിട്ടുള്ള കാലയളവ് വേളയിൽ എല്ലാ രാജ്യക്കാർക്കും പ്രവാസി ലേബർ സ്റ്റാറ്റസിന്റെ തിരുത്തലിൽ നിന്നുള്ള ആനുകൂല്യത്തിന് അവസരമുണ്ടായിരിക്കും.



നിയമവിധേയമാകുന്നതിനുള്ള കാലയളവ് വേളയിൽ, തിരുത്തൽ പ്രക്രിയ സുഗമമാക്കുന്നതിന്, ഓരോ സ്ഥ ാപനത്തിന്റെയും ഘടനയ്ക്കുള്ളിലെ ഓരോ രാജ്യക്കാർക്കുമായുള്ള ശതമാന നിരക്കുകൾ ഉയർത്തുന്നതിനും സ്റ്റാറ്റസ് തിരുത്താൻ ആഗ്രഹിക്കുന്ന തൊഴിലാളികളുടെ എണ്ണം ഉൾക്കൊള്ളിക്കുന്നതിനും സ്ഥ ാപനങ്ങൾക്ക് അനുവാദം ഉണ്ടായിരിക്കും, എന്നാൽ റിക്രൂട്ട്മെന്റ് അപേക്ഷകൾ ഇതിൽ ഉൾപ്പെടുത്തില്ല.

## പൊതുവായ വ്യവസ്ഥ കൾ:

1. നിയമലംഘനം നടത്തുന്ന പ്രവാസിയെ ജോലിക്ക് വയ്ക്കുന്നതും വാഹനത്തിൽ കൊണ്ടുപോകുന്നതും അവർക്ക് അഭയം നൽകുന്നതും രണ്ട് വർഷം വരെ നീളുന്ന ജയിൽ ശിക്ഷയിലേക്കും ഓരോ ലംഘനത്തിനും 100 സൗദി റിയാൽ വരെയുള്ള പിഴയിലേക്കും നയിക്കും. നിയമലംഘനം നടത്തുന്നവരുടെ എണ്ണത്തിനനുസരിച്ച് സഹായിക്കുന്നവർക്കുള്ള ശിക്ഷയും ഇരട്ടിക്കും.

2. നിയമലംഘനം നടത്തുന്ന പ്രവാസി രാജ്യം വിട്ടുപോകുന്നതിൽ കാലതാമസം വരുന്നത് ജയിൽ ശിക്ഷയിലേക്കും പിഴയിലേക്കും നയിക്കും.

3. വ്യക്തിപരമായ അവകാശങ്ങളുടെ ക്ലെയിമുകൾ ഇല്ല എന്ന് സ്ഥിരീകരിക്കുന്നതിന്, ഏത് പുതിയ തൊഴിലുടമയുടെ പക്കലേക്കാണോ ട്രാൻസ്ഫർ നടക്കുന്നത് ആ തൊഴിലുടമ, മുമ്പത്തെ തൊഴിലുടമയുടെ സമ്മതം ഇല്ലാതെ തന്നെ, നിയമവിധേയമാകുന്നതിനുള്ള കാലയളവ് സമയത്ത്, സേവനത്തിന്റെ ട്രാൻസ്ഫർ നടന്ന തീയതിയിൽ നിന്ന് 3 മാസത്തേക്ക് തൊഴിലാളിക്ക് അന്തിമ എക്സിറ്റോ എക്സിറ്റോ/റീ-എൻട്രിയോ അനുവദിക്കില്ലെന്ന് ഉറപ്പുനൽകുന്നു. ഈ കാലയളവിൽ തൊഴിലാളിക്ക് പുതിയ തൊഴിലുടമ അവധി അനുവദിക്കുകയാണെങ്കിൽ പുതിയ തൊഴിലുടമയ്ക്കായിരിക്കും തൊഴിലാളിയുമായി ബന്ധപ്പെട്ട എല്ലാ നിയമപരമായ ബാധ്യതകൾക്കും ഉത്തരവാദിത്തം.

4. നിയമവിധേയരായ ഗാർഹിക തൊഴിലാളികൾക്ക്, നിലവിലെ തൊഴിലുടമയുടെ സമ്മതത്തോടെ, അവരുടെ സേവനങ്ങൾ സ്വകാര്യ മേഖലാ സ്ഥ ാപനങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് അനുവാദമുണ്ടായിരിക്കും. തിരുത്തൽ നിയന്ത്രണങ്ങൾ കാമ്പെയിനിന്റെ ഇനം നമ്പർ 5-ൽ ഉൾപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾക്ക് അനുസരിച്ച് ഈ നടപടിക്രമം ലേബർ ഓഫീസുകൾ വഴിയാണ് നടത്തപ്പെടുക.

5. സൗദി അറേബ്യയിൽ പ്രവാസി തൊഴിലാളി താമസിക്കുന്ന വേളയിൽ തൊഴിലാളിയുടെ വർക്ക് പെർമിറ്റും റെസിഡൻസ് പെർമിറ്റും സാധുതയുള്ളതായി നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്തം തൊഴിലുടമയ്ക്കായിരിക്കും, എന്തെങ്കിലും തരത്തിലുള്ള അനിഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ തൊഴിലുടമയുമായുള്ള കരാർ ബന്ധം തൊഴിലാളിക്ക് അവസാനിപ്പിക്കാം, നിലവിലെ തൊഴിലുടമയുടെ സമ്മതം കൂടാതെ തന്നെ മറ്റൊരു തൊഴിലുടമയ്ക്ക് തന്റെ സേവനങ്ങൾ ട്രാൻസ്ഫർ ചെയ്യുകയും ചെയ്യാം. തിരുത്തൽ കാലയളവ് അവസാനിച്ച് കഴിഞ്ഞാലും ഈ നിയന്ത്രണങ്ങൾ പ്രാബല്യത്തിൽ തന്നെ തുടരും.

6. പ്രവാസി തൊഴിലാളിയുടെ രേഖകൾ കൈമാറുന്നതിലുള്ള തൊഴിലുടമയുടെ പരാജയം, തൊഴിലാളിയുടെ സേവനങ്ങൾ ട്രാൻസ്ഫർ ചെയ്യുന്നതിനെ തടയില്ല.

7. തൊഴിലാളികളുടെ സേവനത്തിന്റെ, തിരുത്തൽ കാലയളവിൽ നടക്കേണ്ടുന്ന ട്രാൻസ്ഫർ, തിരുത്തൽ കാലയളവിന്റെ തുടക്ക തീയതിയായ 06/04/2013-ന് (ഇസ്ലാമിക കലണ്ടർ അനുസരിച്ച് 25/05/1434) ശേഷം രൂപീകരിക്കപ്പെടുന്ന ഒരു പുതിയ കമ്പനിയിലേക്ക് നടത്തുന്നതല്ല.

8. പ്രവാസി തൊഴിലാളികളുടെ സ്റ്റാറ്റസ് (സേവന ട്രാൻസ്ഫർ, തൊഴിൽ മാറ്റം തുടങ്ങിയവ) തൊഴിൽ മന്ത്രാലയത്തിന്റെ ഇലക്ട്രോണിക്ക് സേവനങ്ങളിലൂടെ, സ്ഥ ാപനം ഇലക്ട്രോണിക്ക് സേവനങ്ങളുടെ രണ്ടാമത്തെ നില സജീവമാക്കിയിട്ടുള്ള കാലത്തോളം, എളുപ്പത്തിൽ തിരുത്താവുന്നതാണ്. ഇലക്ട്രോണിക്ക് സേവനങ്ങളുടെ രണ്ടാമത്തെ നില സജീവമാക്കുന്നതിന്, നിങ്ങൾക്ക് അടുത്തുള്ള ലേബർ ഓഫീസ് സന്ദർശിക്കുകയും നിങ്ങളുടെ സ്വന്തം സ്ഥ ാപനത്തിനായുള്ള പാസ്‌വേഡ് സ്വീകരിക്കുകയും ചെയ്യാം.

9. ഒരു വിദേശ നിക്ഷേപകന്റെ ഉടമസ്ഥ തയിലുള്ള സ്ഥ ാപനത്തിൽ പ്രവാസി ജോലി ചെയ്യുന്നു, ഒപ്പം വിദേശ നിക്ഷേപകൻ സൗദി അറേബ്യ വിടുകയും ചെയ്തു, ഇപ്പോൾ സ്ഥ ാപനം നോക്കി നടത്തുന്നതിന് നിയമപരമായ ഏജന്റോ അംഗീകൃത വ്യക്തിയോ ഇല്ല എന്ന സാഹചര്യത്തിൽ തൊഴിലുടമയുടെ സമ്മതം കൂടാതെ തന്നെ തൊഴിലാളിക്ക് തന്റെ സേവനം ട്രാൻസ്ഫർ ചെയ്യാം അല്ലെങ്കിൽ അന്തിമ എക്സിറ്റ് നേടാം.

(*) തൊഴിലുടമയുടെ ആവശ്യകത, തൊഴിലാളിയുടെ വിദ്യാഭ്യാസയോഗ്യത, ബന്ധപ്പെട്ട നിയന്ത്രണങ്ങൾ എന്നിവയുടെ അടിസ്ഥ ാനത്തിൽ പ്രവാസി തൊഴിലാളിയുടെ തൊഴിൽ, സൗദി പൗരന്മാർക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള തൊഴിലുകൾ ഒഴികെയുള്ള, മറ്റേതെങ്കിലും തൊഴിലായി മാറ്റാവുന്നതാണ്. തൊഴിൽ മാറ്റുമ്പോൾ തൊഴിലാളിയുടെ ശേഷിയും വിദ്യാഭ്യാസയോഗ്യതയും പരിശോധിക്കേണ്ടത് തൊഴിലുടമയുടെ ഉത്തരവാദിത്തമാണ്. മന്ത്രാലയത്തിന്റെ വെബ്സൈറ്റിലൂടെ, ഇലക്ട്രോണിക്ക് മാർഗ്ഗത്തിലൂടെ, വളരെ ലളിതമായി തൊഴിൽ മാറ്റാവുന്നതാണ്. തൊഴിൽപരമായ യോഗ്യതാപത്രങ്ങൾ ആവശ്യമുള്ള തൊഴിലുകളിലേക്ക് (മെഡിക്കൽ, എഞ്ചിനീയറിംഗ് തൊഴിലുകൾ പോലെയുള്ളവ) തങ്ങളുടെ തൊഴിൽ മാറ്റുന്നതിന് തൊഴിലാളികൾ ലേബർ ഓഫീസ് സന്ദർശിക്കേണ്ടതുണ്ട്, ഇനിപ്പറയുന്ന ജോലികൾ സൗദി പൗരന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു എന്ന് ശ്രദ്ധിക്കുക: 1-ഹ്യൂമൻ റിസോഴ്സസ് സീനിയർ അഡ്മിനിസ്ട്രേറ്റർ, 2–പേഴ്സണൽ മാനേജർ, 3– വർക്ക് ആൻഡ് ലേബർ മാനേജർ, 4– പേഴ്സണൽ റിലേഷൻസ് മാനേജർ, 5- പേഴ്സണൽ ഓഫീസർ, 6- പേഴ്സണൽ ക്ലർക്ക്, 7- റിക്രൂട്ട്മെന്റ് ക്ലർക്ക്, 8- പേഴ്സണൽ അഫയേഴ്സ് ക്ലർക്ക്, 9- അറ്റൻഡൻസ് ക്ലർക്ക്, 10- ജനറൽ റിസപ്ഷനിസ്റ്റ് ക്ലർക്ക്, 11- ഹോട്ടൽ റിസപ്ഷനിസ്റ്റ് ക്ലർക്ക്, 12- പേഷ്യന്റ്സ് റിസപ്ഷനിസ്റ്റ് ക്ലർക്ക്, 13- ക്ലെയിംസ് ക്ലർക്ക്, 14- കാഷ്യർ, 15- സെക്യൂരിറ്റി ഗാർഡ്, 16- ഗവൺമെന്റ് റിലേഷൻസ് എക്സ്പെഡിറ്റർ, 17- കീ മേക്കർ അല്ലെങ്കിൽ റിപ്പയറർ, 18- കസ്റ്റംസ് ക്ലിയറർ, 19- സ്ത്രീകളുടെ സ്റ്റോറുകളിലെ സ്ത്രീ തൊഴിലാളികൾ.

കൂടുതൽ വിവരങ്ങൾക്ക്, ആഭ്യന്തര മന്ത്രാലയത്തിന്റെ വെബ്സൈറ്റായ www.moi.gov.sa സന്ദർശിക്കുക.

അല്ലെങ്കിൽ തൊഴിൽ മന്ത്രാലയത്തിന്റെ വെബ്സൈറ്റായ www.mol.gov.sa സന്ദർശിക്കുക

അല്ലെങ്കിൽ 920001173 എന്ന നമ്പറിൽ കസ്റ്റമർ കെയർ സെന്ററുമായി ബന്ധപ്പെടുക

وزارة العمل
المملكة العربية السعودية